പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

# മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2968

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; | (എ) & (ബി) | തൊഴിലുറപ്പ് പദ്ധതി പ്രകാരം 2006-07 മുതൽ 2013-14 (19.06.2013 വരെ) സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെയും വാർഷികാടിസ്ഥാനത്തിൽ വിതരണം ചെയ്ത തുകയുടെ കണക്കും ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ എത്ര തുക വിതരണം ചെയ്തു; വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ; | | |

| വർഷം | തൊഴിൽ ദിനങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | കൂലിയായി വിതരണം ചെയ്ത തുക (ലക്ഷത്തിൽ) |
|---|---|---|
| 2006-07 | 20.49 | 2474.63 |
| 2007-08 | 56.69 | 7139.51 |
| 2008-09 | 153.74 | 18459.60 |
| 2009-10 | 340.35 | 40895.06 |
| 2010-11 | 492.73 | 63010.72 |
| 2011-12 | 633.10 | 97166.69 |
| 2012-13 | 837.68 | 131651.00 |
| 2013-14 | 15.39 | 9679.69 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി എന്തെല്ലാം പരിമിതികളെയാണ് അഭിമുഖീകരിക്കുന്നത്; വിശദമാക്കാമോ; | (സി) | തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനം പ്രധാനമായും ചുവടെ പറയുന്ന പരിമിതികൾ അഭിമുഖീകരിക്കുന്നുണ്ട്.<br>1. തീരപ്രദേശങ്ങളിലും തോട്ടം മേഖലകളിലും തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തിയിനങ്ങൾ കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്<br>2. ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്നതിലെ പോരായ്മ.<br>3. വേതന വിതരണത്തിൽ വരുന്ന കാലതാമസം<br>4. സംസ്ഥാനത്ത് നിലവിലുള്ള കർഷകതൊഴി |

| | | | |
|---|---|---|---|
| | | | ലാളികളുടെ കുറഞ്ഞ വേതന നിരക്കും തൊഴിലുറപ്പ് പദ്ധതിയിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രതിദിന വേതന നിരക്കും തമ്മിലുള്ള അന്തരം |
| (ഡി) | പ്രസ്തുത പദ്ധതിക്കായി പ്രത്യേകം ഷെഡ്യൂൾ ഓഫ് റേറ്റും മറ്റും തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഇല്ല.<br>തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേക ഗ്രാമീണ ഷെഡ്യൂൾ ഓഫ് റേറ്റ്സ് രൂപീകരിക്കുന്നതിനുള്ള വർക്ക് ടൈം & മോഷൻ പഠനം കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) യുടെ നേതൃത്വത്തിൽ നടന്ന് വരുന്നു. |
| (ഇ) | തൊഴിലുറപ്പ് പദ്ധതി കേന്ദ്രീകരിച്ച് ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ഇ) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ മേഖലയിലെ കുടുംബ ങ്ങളിലെ പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു വർഷം 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുകയും അതോടൊപ്പം ഈടുറ്റ ആസ്തികളുടെ നിർമ്മാണവും ലക്ഷ്യമിടുന്നു. മറ്റ് കേന്ദ്രവിഷ്കൃത പദ്ധതികളുടെയും സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും പഞ്ചായത്തുകളുടെ പദ്ധതികളുടെയും സമന്വയത്തിലൂടെ പാവപ്പെട്ടവരുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതല കോർഡിനേഷൻ കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |
| (എഫ്) | തൊഴിലുറപ്പ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ കാർഷികാനുബന്ധ മേഖലയിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; വിശദമാക്കാമോ; | (എഫ്) | തൊഴിലുറപ്പ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ കാർഷിക അനുബന്ധ മേഖലയിൽ 3352146 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. |
| (ജി) | പ്രസ്തുത നടപടിയിലൂടെ എത്ര കുടുംബങ്ങൾക്ക് അതിന്റെ ഗുണഫലം ലഭിക്കുകയുണ്ടായി; | (ജി) | 82037 കുടുംബങ്ങൾക്ക് ഗുണഫലം ലഭിച്ചു. |
| (എച്ച്) | 2012-13 വർഷത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര തൊഴിലുറപ്പ് പ്രവൃത്തികൾ നടത്തുകയുണ്ടായി; എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; എത്ര രൂപ കൂലിയിനത്തിൽ വിതരണം ചെയ്തു; വിശദാംശം ലഭ്യമാക്കാമോ; | (എച്ച്) | 2012-13 വർഷത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നടത്തിയ<br><br>തൊഴിലുറപ്പ് പ്രവൃത്തികളുടെ എണ്ണം- 1374<br>സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ - 422907<br>കൂലിയിനത്തിൽ വിതരണം ചെയ്ത തുക - 6,85,05,316 രൂപ |

| | | | |
|---|---|---|---|
| (ഐ) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ സാധനഘടകം ഉപയോഗിച്ച് സ്ഥിരമായി ആസ്തി നിർമ്മിക്കൽ സ്കീമിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം ആസ്തികൾ നിർമ്മിക്കപ്പെട്ടു; വിശദാംശം ലഭ്യമാക്കാമോ? | (ഐ) | ഒറ്റപ്പാലം നിയമസഭാമണ്ഡലത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ സാധന ഘടകമായി 17,40,712 രൂപ ചെലവഴിച്ച് 18 തോടുകൾ, കുളങ്ങളുടെ പുനഃസ്ഥാപനം തുടങ്ങിയ ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ